Page 1 of 1

ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരം തിരിച്ച് വിവരം നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലവിലില്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പിലാക്കുന്നില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വികസനത്തിന് കേന്ദ്ര ഫണ്ട്

71 (3777) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചു നൽകാറുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഫണ്ട് വിനിയോഗം സംസ്ഥാന സർക്കാർ വിലയിരുത്താറുണ്ടോ; സമൂഹത്തിലെ ഒരു നിശ്ചിതവിഭാഗത്തിന്റെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന ഇത്തരത്തിലുള്ള ഫണ്ട് പ്രസ്തുത വിഭാഗങ്ങളിലേയ്ക്കെത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത ഫണ്ട് വിനിയോഗം സംസ്ഥാന സർക്കാർ വിലയിരുത്താറുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല, പരിശോധിക്കുന്നതാണ്.

(സി) സുതാര്യമായ ഫണ്ട് വിനിയോഗത്തിനും അർഹരായ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനും നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

ഫണ്ട് വിനിയോഗത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സുതാര്യമായി പദ്ധതി നിർവ്വഹണം നടത്തിവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly